## ചോദ്യോത്തരം

**മുജീബ്**

# ജമാഅത്തെ ഇസ്‌ലാമിക്ക് വനിതാ സെക്രട്ടറി

■ *ജമാഅത്തെ ഇസ്‌ലാമി കേരള ഘടകം സെക്രട്ടറിമാരിലൊരാളായി ഒരു വനിതയെ തെരഞ്ഞെടുത്തിരിക്കുകയാണല്ലോ. ഇസ്‌ലാമിക സമൂഹത്തിന്റെ നേതൃത്വത്തിൽ വനിതകൾ വരുന്നത് അഭിലഷണീയമാണോ? തത്സംബന്ധമായി സയ്യിദ് മൗദൂദിയെ പോലുള്ള പണ്ഡിതന്മാരുടെ നിലപാടെന്താണ്? സ്ത്രീകളെ അവരുടേതായ മേഖലകളിൽ ദിശ നിർണയിച്ച് ഇസ്‌ലാമിക പ്രവർത്തനത്തിന് വിടുന്നതല്ലേ ഇസ്‌ലാമിക പ്രസ്ഥാനത്തിന് അനുയോജ്യം?*

***ഇൻസാഫ്, പതിമംഗലം***

ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ നിലവിൽവന്നതു മുതൽ അത് സ്ത്രീകളിലും പ്രവർത്തനം തുടങ്ങിയിരുന്നു. സ്ത്രീക്കും പുരുഷന്നും തുല്യ പങ്കാളിത്തമില്ലാത്ത ഒരു സാമൂഹികക്രമത്തെ വിശുദ്ധ ഖുർആനോ ഇസ്‌ലാമോ അവതരിപ്പിച്ചിട്ടില്ലെന്നതാണ് കാരണം. ഉദ്ധരിക്കേണ്ടതില്ലാത്തവിധം തെളിവുകൾ സുലഭവും സുജ്ഞാതവുമാണ്. തൊള്ളായിരത്തി അമ്പതുകളുടെ തുടക്കത്തിൽ ജമാഅത്ത് മദ്റസാ പ്രസ്ഥാനത്തിലേക്ക് കാലെടുത്തുവെച്ചപ്പോൾ തന്നെ മർഹൂം യു.കെ ഇബ്റാഹീം മൗലവിയുടെ വാക്കുകളിലൂടെ പെൺകുട്ടികൾ പാടിത്തുടങ്ങിയത് ഇങ്ങനെ:

*ഇന്നിസ്‌ലാമിന്റെ പേരിൽ കണ്ണുകൾ തുറന്ന്*
*മന്ദതയകറ്റുവാനെന്തൊക്കെയോ ചെയ്യുന്നു*
*എന്നിരുന്നാലും ഒരു കണ്ണ് തുറന്നിട്ടില്ല*
*പെണ്ണ് ലോകത്തെയതിൽ പരിഗണിച്ചിട്ടില്ല*
. . . . . . . . . . . . . . . . . . . . . . . . . . . . . . . . .
*മാറ്റമില്ലാതേതുനാളും മന്ദകളോ ഞങ്ങൾ*
*ചോറ്റിനും പേറ്റിനുമുള്ള യന്ത്രമോ പെണ്ണുങ്ങൾ?*

(1954 ഫെബ്രുവരിയിൽ ചേന്ദമംഗല്ലൂർ അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ വാർഷികത്തിൽ പാടിയത്).

തുടർന്ന് സ്ത്രീകളെ പ്രബോധന-സംസ്കരണരംഗത്ത് സജീവമാക്കാൻ പിന്തിരിപ്പൻ യാഥാസ്ഥിതിക സമൂഹവുമായി മല്ലടിച്ചു നിരന്തര യത്നം തുടങ്ങി. 1960-ൽ കോഴിക്കോട് മൂഴിക്കലിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സമ്മേളനത്തിന്റെ തീരുമാനപ്രകാരം ചേന്ദമംഗല്ലൂരിൽ കേരളത്തിലെ പ്രഥമ വനിതാ ഇസ്‌ലാമിയാ വിദ്യാലയം 'മദ്റസത്തുൽ ബനാത്ത്' സ്ഥാപിതമായി. പിൽക്കാലത്ത് ചേന്ദമംഗല്ലൂർ, പഴയങ്ങാടി, വണ്ടൂർ, മൂവാറ്റുപുഴ, മന്നം പറവൂർ തുടങ്ങിയ കേന്ദ്രങ്ങളിൽ വനിതാ കോളേജുകൾ നിലവിൽ വന്നതിനു പുറമെ ജമാഅത്തിന്റെ മറ്റു സ്ഥാപനങ്ങളിലും പെൺകുട്ടികൾ ധാരാളമായി വിദ്യാഭ്യാസം നേടാനെത്തി. ക്രമത്തിൽ ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗവും ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷനും (ജി.ഐ.ഒ) പ്രവർത്തനക്ഷമമായി. ഇന്ന് ആയിരക്കണക്കിൽ വനിതകൾ ഇസ്‌ലാമിക പ്രസ്ഥാനരംഗത്ത് സജീവമാണ്. അവർ സ്വന്തമായി *ആരാമം* മാസികയും നടത്തുന്നു. അതിന്റെ മുഴുവൻ ജോലികളും നിർവഹിക്കുന്നത് എഡിറ്റർ കെ.കെ സുഹ്റയുടെ നേതൃത്വത്തിൽ മിടുക്കരായ പെൺകുട്ടികളാണ്. വനിതകളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ സമുദ്ധാരണം, അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നുമുള്ള മോചനം, പൊതുതിന്മകൾക്കെതിരായ പോരാട്ടം, ശരീഅത്തിന്റെ പ്രതിരോധം, ജനസേവനം തുടങ്ങിയ മേഖലകളിലാണ് ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തകരായ സ്ത്രീകൾ ഊന്നുന്നത്. ഇതൊക്കെ ചെയ്യുമ്പോഴും ദീനിന്റെ വിധിവിലക്കുകൾ അവർ ലംഘിക്കുകയോ അനഭിലഷണീയമായ കൂടിക്കലരലുകളിലേക്ക് വഴുതുകയോ ചെയ്യുന്നില്ല. ജമാഅത്തിന്റെ നിയന്ത്രണത്തിലുള്ള പള്ളികളിൽ സ്ത്രീകൾക്ക് പ്രവേശനമുണ്ട്. ഖുർആൻ സ്റ്റഡി സെന്ററുകളിലും പുരുഷന്മാരേക്കാൾ സ്ത്രീകളാണ് മുൻപന്തിയിൽ. അച്ചടക്കമുള്ള ഈ സ്ത്രീസമൂഹത്തിന് നേതൃത്വം നൽകാനും അവരെ ഉത്തമ കുടുംബിനികളെന്നതോടൊപ്പം പ്രബോധകരുമാക്കി മാറ്റാനുമുള്ള ദൗത്യമാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വനിതാ വിഭാഗം നിറവേറ്റുന്നത്. അതേറ്റവും ഫലപ്രദവും കാര്യക്ഷമവുമാക്കാൻ ജമാഅത്ത് ഒരു വനിതാ സെക്രട്ടറിയെ നിയമിച്ചത് വിപ്ലവകരവും സ്വാഗതാർഹവുമായ കാൽവെപ്പാണ്. പുരുഷന്മാരെയല്ല, സ്ത്രീകളെയാണ് അവർ നയിക്കുന്നത്. വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന ഏത് സംഘടനക്കും വിവിധ വകുപ്പുകൾക്ക് ആവശ്യമായ സെക്രട്ടറിമാരുണ്ടാവും. വനിതകളിലെ പ്രവർത്തനവും വനിതകളുടെ പ്രവർത്തനവുമാണ് വനിതയായ സെക്രട്ടറിയുടെ ചുമതല. അത് പാടില്ലെന്ന് ഇസ്‌ലാമോ മൗദൂദിയോ പറഞ്ഞിട്ടില്ല.

## ഇനിയുമൊരു വിമോചനസമരം?

■ *"വിമോചനസമരത്തിന്റെ ഓർമകൾ അടഞ്ഞിട്ടില്ലെന്ന് വിദ്യാഭ്യാസ മന്ത്രിക്കും സർക്കാറിനും തൃശൂർ ആർച്ച് ബിഷപ്പിന്റെ മുന്നറിയിപ്പ്. ഇനിയും മുറിവുണ്ടാക്കിയാൽ ആറാം തിരുമുറിവിന് ഉണ്ടായതിനേക്കാൾ വലിയ പ്രതികരണങ്ങൾ ഉണ്ടാകും. സഭയുടെ കീഴിലെ സ്ഥാപനങ്ങൾ തല്ലിപ്പൊളിക്കാൻ വരുന്നവരെ ഇനി കൈയും കെട്ടി നോക്കിനിൽക്കില്ലെന്നും തിങ്ങിക്കൂടിയ സദസ്യരെക്കൊണ്ട് ഏറ്റുപറയിച്ച് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പ്രഖ്യാപിച്ചു. തൃശൂർ ടൗൺ ഹാളിൽ അതിരൂപതാ ന്യൂനപക്ഷാവകാശ സംരക്ഷണ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്പ്."*
*മുജീബിന്റെ പ്രതികരണം?*

***പി.വി.സി മുഹമ്മദ്, പൊന്നാനി***

പ്രഥമ കമ്യൂണിസ്റ്റ് സർക്കാർ കേരളത്തിൽ സ്വകാര്യ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ വിദ്യാഭ്യാസ ബില്ലിൽ വ്യവസ്ഥ ചെയ്തപ്പോൾ അതിനെതിരെ ക്രൈസ്തവസഭകളും എൻ.എസ്.എസ്സും അവരോടൊപ്പം രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി അണിചേർന്ന് കോൺഗ്രസ്സും മുസ്‌ലിംലീഗും ഒറ്റക്കെട്ടായി വികസിപ്പിച്ചെടുത്ത വിമോചനസമരം ഇ.എം.എസ് മന്ത്രിസഭയെ അധികാരഭ്രഷ്ടമാക്കുന്നതിൽ വിജയിച്ചു എന്നത് സത്യമാണ്. എന്നാൽ സി.ഐ.എയുടെ ഫണ്ടിംഗും കോൺഗ്രസ് അധ്യക്ഷയായ മകൾ ഇന്ദിരാ ഗാന്ധിയുടെ സമ്മർദത്തിന് വഴങ്ങിയ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ബലഹീനതയുമാണ് തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാറിനെ കേന്ദ്രം നിഷ്കാസനം ചെയ്യുന്നതിൽ കലാശിച്ചതെന്ന് മറക്കരുത്. ഇന്ന് കാലം മാറി. കേന്ദ്രം ഭരിക്കുന്നത് ഇടതുപക്ഷം താങ്ങിനിർത്തുന്ന യു.പി.എ സർക്കാറാണ്. പള്ളിയും പട്ടക്കാരും സാമുദായികശക്തികളും ചേർന്ന് കലാപം നടത്തി

യാലും സംസ്ഥാന സർക്കാറിനെ പിരിച്ചുപിടാൻ മൻമോഹൻ സിംഗ് തയാറാവില്ല. അതിലുപരി ന്യൂനപക്ഷാവകാശങ്ങളുടെ പേരിൽ ഒച്ചവെക്കുന്നവരുടെ ഉള്ളിലിരിപ്പിനെക്കുറിച്ച് ജനങ്ങൾക്ക് ന്യായമായ സംശയങ്ങളുണ്ട്. വിദ്യാഭ്യാസ കച്ചവടക്കാരുടെ ന്യൂനപക്ഷപ്രേമത്തോട് ജനങ്ങൾക്ക് മതിപ്പില്ല. ഭരണഘടന മതന്യൂനപക്ഷങ്ങൾക്ക് അനുവദിച്ച വിദ്യാഭ്യാസപരിരക്ഷ അഭംഗുരം തുടരേണ്ടത് അവരുടെ ലക്ഷ്യമായിരിക്കെത്തന്നെ അതിന്റെ ദുരുപയോഗം തടയണമെന്നതാണ് ശരി. സർക്കാറുകളുടെ തെറ്റായ നടപടികൾക്കെതിരെ പ്രക്ഷോഭവും സമരവും ജനാധിപത്യത്തിലെ അംഗീകൃത മുറകളാണ്. എന്നാൽ വിമോചന സമരമെന്ന പേരിൽ നിക്ഷിപ്ത താൽപര്യക്കാർ നടത്തുന്ന കലാപങ്ങളെ വെള്ളപൂശാനോ ന്യായീകരിക്കാനോ സാധ്യമല്ല.

## യൂത്ത് ലീഗ് നേതാവിന്റെ വിടുവായത്തം

■ *"സോളിഡാരിറ്റിയും ജമാഅത്തും തീവ്രവാദത്തിനെതിരെ എടുക്കുന്ന അഴകൊഴമ്പൻ സമീപനം ജമാഅത്തിന്റെ 'കേരളീയ അടവുനയം' മാത്രമാണ്. പ്ലാച്ചിമട, എക്സ്പ്രസ് ഹൈവേ, എ.ഡി.ബി വായ്പ, വനനശീകരണം തുടങ്ങിയവക്കെതിരെ 24 മണിക്കൂറും ഓടിയെത്തുന്ന സോളിഡാരിറ്റിക്ക് പലരും കരുതുന്നതുപോലെയുള്ള പുരോഗമനമുഖമല്ല ഉള്ളത്. ആരെങ്കിലും സ്വപ്നേപി വിചാരിക്കുമോ കശ്മീരിലെ തീവ്രവാദ സംഘടനയായ ഹിസ്ബുൽ മുജാഹിദീൻ കശ്മീർ ജമാഅത്തിന്റെ സായുധ വിഭാഗമാണെന്ന്? എൻ.ഡി.എഫിനെ പുത്രവാത്സല്യത്തോടെ തലോടിയ റേഡിയൻസ് ജമാഅത്തെ ഇസ്‌ലാമിയുടെ ഇംഗ്ലീഷ് പത്രമാണെന്ന് പറഞ്ഞാൽ ആര് വിശ്വസിക്കും? റേഡിയൻസിന്റെ എൻ.ഡി.എഫിനെ തലോടുന്ന ലക്കം കേരളത്തിൽ അപ്രത്യക്ഷമാക്കുന്നതിൽ ജമാഅത്ത് തങ്ങളുടെ സംഘടനാ വൈഭവം തെളിയിച്ചു"– യൂത്ത് ലീഗ് പ്രസിഡന്റ് കെ.എം ഷാജിയുടെ ഈ ജൽപനങ്ങളെക്കുറിച്ച്?*

***നൂഹ ബതൂൽ, മേലെ ചൊവ്വ, കണ്ണൂർ***

**മ**ഞ്ചേരിയിലെ ലോക്സഭാ തെരഞ്ഞെടുപ്പ് പരാജയത്തോടെ പ്രകടമാവുകയും കഴിഞ്ഞ കേരള നിയമസഭാ തെരഞ്ഞെടുപ്പോടെ പൂർത്തിയാവുകയും ചെയ്ത മുസ്‌ലിംലീഗിന്റെ പതനത്തിൽ തന്റേതായ പങ്ക് വഹിച്ച ധീരശൂര യുവനേതാവാണ് പുതിയ യൂത്ത് ലീഗ് പ്രസിഡന്റ്. വിടുവായത്തം ഇരവിപുരം മണ്ഡലത്തിൽ അയാൾക്ക് നേടിക്കൊടുത്തത് കാൽലക്ഷം വോട്ടിന്റെ ചരിത്രപരാജയമാണ്. എന്നിട്ടും വീണിടത്ത് കിടന്നുരുളാനും വീണത് അഭ്യാസമാക്കാനുമുള്ള വൈദഗ്ധ്യത്താൽ മുസ്‌ലിം ലീഗ് യുവജനവിഭാഗത്തിന്റെ അധ്യക്ഷപദവി തട്ടിയെടുക്കാൻ അയാൾക്ക് കഴിഞ്ഞുവെങ്കിൽ ഒരു വീണ്ടെടുപ്പ് പോലും സംഘടനയുടെ അജണ്ടയിലില്ല എന്ന് കരുതിയാൽ മതി.

മതപുരോഹിതന്മാരും മതനിഷേധികളുമായ ഒട്ടേറെ ഹതഭാഗ്യർ പയറ്റി പരാജയപ്പെട്ട കളരിയിൽതന്നെയാണ് യൂത്ത് ലീഗ് നേതാവും നിലയുറപ്പിക്കാൻ ശ്രമിക്കുന്നത്. അതായത് അന്ധവും യുക്തിശൂന്യവുമായ ജമാഅത്ത് വിരോധം. സാമ്രാജ്യത്വ, മൂലധനശക്തികളുടെ നീരാളിപ്പിടിത്തത്തിൽ അമർന്നുകൊണ്ടിരിക്കുന്ന ഒരു നവലോകപരിസരത്ത് ഇടതുപക്ഷം പോലും പതറുകയും പാളുകയും തകരുകയും ചെയ്തുകൊണ്ടിരിക്കെ ആദർശപ്രതിബദ്ധതയും ലക്ഷ്യബോധവുമുള്ള ഇസ്‌ലാമിക യുവജനപ്രസ്ഥാനമായ സോളിഡാരിറ്റിയുടെ ധീരവും തത്ത്വാധിഷ്ഠിതവുമായ സാമൂഹിക ഇടപെടലുകൾ മുതലാളിത്ത സാമുദായിക കൂട്ടായ്മകളിലെ വൈതാളികരെ വിറളി പിടിപ്പിക്കുന്നു. ജീർണതയിലും അധാർമികതയുടെ കുത്തൊഴുക്കിലും നിരാശരായ സ്വന്തം അണികൾ തീവ്രവാദ പ്രസ്ഥാനങ്ങളിലേക്ക് പോലും ചേക്കേറിക്കൊണ്ടിരിക്കെ ഫലപ്രദമായി അതിനെ പ്രതിരോധിക്കാനാവാത്ത ജാള്യവും രോഷവുമാണ് സോളിഡാരിറ്റിയോടുള്ള പകപോക്കലിലൂടെ ഷാജി പ്രഭൃതികൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ജമ്മു-കശ്മീർ ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ഘടകമോ ഭാഗമോ അല്ല. ഹിസ്ബുൽ മുജാഹിദീൻ കശ്മീർ ജമാഅത്തിന്റെ സായുധ വിഭാഗവുമല്ല. കശ്മീർ ജമാഅത്ത് നിരാകരിച്ച സയ്യിദ് അലിഷാ ഗീലാനിയുടെ അനുഭാവവും പിന്തുണയുമാണ് ഹിസ്ബുൽ മുജാഹിദീനുള്ളത്. മറുവശത്ത് ജമ്മു-കശ്മീരിലെ ഭീകരമായ മനുഷ്യാവകാശ ധ്വംസനത്തിന് ചൂട്ടുപിടിക്കുന്ന ഒരു സർക്കാറിന്റെ ഭാഗമാണ് തന്റെ മാതൃസംഘടനയെന്ന സത്യം യൂത്ത് ലീഗ് നേതാവ് മറച്ചുപിടിക്കുകയും ചെയ്യുന്നു.

## വിമർശകർക്ക് വടി കൊടുക്കുന്നു?

■ *ചില മുഖ്യധാരാ മാധ്യമങ്ങളും സാംസ്കാരികപ്രവർത്തകരും തീവ്രവാദത്തെ എതിർക്കുമ്പോൾ ജമാഅത്തെ ഇസ്‌ലാമിയെ പരാമർശിക്കുന്നു. സമുദായ സംഘടനകളും തങ്ങളുടെ പ്രസിദ്ധീകരണങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും ഇതാവർത്തിക്കുന്നു. ഇതൊക്കെ കാണുമ്പോൾ തോന്നുന്നത് ജമാഅത്ത് നേതൃത്വത്തിനും പിഴവുകൾ പറ്റുന്നുണ്ടോ എന്നാണ്. പോപ്പുലർ ഫ്രണ്ട് സമ്മേളനത്തെക്കുറിച്ച് റേഡിയൻസിൽ ലേഖനം വന്നാൽ വിമർശകർ ആഘോഷിക്കുകയും ഫോട്ടോസ്റ്റാറ്റ് എടുത്ത് വിതരണം ചെയ്യുകയും ചെയ്യുമെന്ന് അറിയാത്തവരാണോ അതിന്റെ എഡിറ്റോറിയൽ ബോർഡിലുള്ളവർ? ഐ.എസ്.എസ്സിനെ കുറിച്ച് എഴുതുമ്പോൾ, വാക്കുകളും പദഘടനയും വിമർശകർ ദുരുപയോഗപ്പെടുത്തുമെന്നും അത് പ്രസ്ഥാനത്തെ അടിക്കാനുള്ള വടിയായി ഉപയോഗിക്കുമെന്നും മുൻകൂട്ടി കാണാൻ കഴിയാത്തവരാണോ ബന്ധപ്പെട്ടവർ?*

***അബൂ ബഹീജ്, മത്ര, ഒമാൻ***

**ജ**മാഅത്തെ ഇസ്‌ലാമി മനുഷ്യരുടെ പ്രസ്ഥാനമാണ്, മലക്കുകളുടേതല്ല. തെറ്റും ശരിയും സംഭവിക്കാവുന്ന സാധാരണ മനുഷ്യജീവികളാണ് അതിന്റെ പ്രവർത്തകർ. വിശുദ്ധ ഖുർആന്റെയും പ്രവാചക മാതൃകകളുടെയും അടിസ്ഥാനത്തിൽ സമൂഹത്തിൽ ധാർമിക പരിവർത്തനത്തിനു വേണ്ടി അത് സമാധാനപൂർവം പണിയെടുക്കുന്നു. ഏഴു പതിറ്റാണ്ടിനിടെ ഇന്നേവരെ സംഘടന ഹിംസക്ക് ആഹ്വാനം നൽകുകയോ അക്രമപ്രവർത്തനങ്ങളിലേർപ്പെടുകയോ വർഗീയ വിദ്വേഷം വളർത്തുകയോ ചെയ്തതിന് ഒരു തെളിവും ആരും ചൂണ്ടിക്കാട്ടിയിട്ടില്ല. എന്നിട്ടും തീവ്രവാദമുദ്ര ചിലർ പതിച്ചുനൽകുന്നുവെങ്കിൽ അതിന് അവരുടേതായ കാരണങ്ങളുണ്ട്. ആരോപകരിൽ ചിലർ തനി നാസ്തികരും മതനിഷേധികളുമാണെങ്കിൽ വേറെ ചിലർ സങ്കുചിത മതവീക്ഷണത്തിന്റെയും യാഥാസ്ഥിതിക പൗരോഹിത്യത്തിന്റെയും തടവുകാരാണ്. ഇനിയും ചിലർക്ക് പ്രസ്ഥാനം പൊതുസമൂഹത്തിൽ നേടിയെടുക്കുന്ന സ്വീകാര്യതയോടാണ് അമർഷവും അസൂയയും. ഇവരുടെയൊക്കെ നാവടക്കണമെന്ന ഒരു വ്യഗ്രതയും ജമാഅത്തിനില്ല. എതിർപ്പുകളിലൂടെ മാത്രം വളർന്ന ഒരു പ്രസ്ഥാനത്തിന് മാന്യതയോ തത്ത്വദീക്ഷയോ ഇല്ലാത്ത വിമർശകരുടെ പഴകിപ്പുളിച്ച ശകാരങ്ങളുടെ പേരിൽ വിഭ്രാന്തിയും ഇല്ല.

എന്താണ് തീവ്രവാദമെന്ന് കണിശമായി നിർവചിക്കാതെയും അതിന് കൃത്യമായ മാനദണ്ഡം നിർണയിക്കാതെയുമാണ് ഓരോരുത്തരും തോന്നിയ പോലെ തീവ്രവാദാരോപണം തൊടുത്തുവിടുന്നത്. മതാനുഷ്ഠാനങ്ങളിലെ നിഷ്ഠയും മദ്യം, പെൺപീഡനം പോലുള്ള തിന്മകളുടെ നിരാസവും വേഷവിധാനങ്ങളിലെ ഇസ്‌ലാമിക മര്യാദകളും തന്നെ മതി ഇക്കാലത്ത് തീവ്രവാദപദവി ചാർത്തിക്കിട്ടാൻ. വർഗീയ ധ്രുവീകരണത്തെയും തദടിസ്ഥാനത്തിലുള്ള സായുധ പ്രതിരോധത്തെയും

പാടേ നിരാകരിച്ച ജമാഅത്തെ ഇസ്‌ലാമി അത്തരത്തിലുള്ള ഒരു പ്രസ്ഥാനത്തെയും ന്യായീകരിച്ചിട്ടില്ല. ഒറ്റപ്പെട്ട ഏതെങ്കിലും വാർത്തകളിലെയോ കുറിപ്പുകളിലെയോ വ്യക്തിനിഷ്ഠമായ പരാമർശങ്ങളെ സംഘടനയുടെ അഭിപ്രായവും തീരുമാനവും നയവുമാക്കി അവതരിപ്പിക്കുന്ന തറവേല പ്രതിയോഗികൾ ഇനിയും തുടരും. അതൊക്കെ കാലേക്കൂട്ടി കണ്ട് എല്ലാം അളന്നു തൂക്കി പഴുതുകളടച്ചു മാത്രം എഴുതുകയോ പറയുകയോ വേണമെന്ന ശാഠ്യം നടപ്പുള്ളതല്ല. വിശുദ്ധ ഖുർആനിലെ ഒട്ടേറെ സൂക്തങ്ങൾ കാഫിറുകളെ കൊല്ലാൻ ആഹ്വാനം ചെയ്യുന്നു എന്നാരോപിച്ചുള്ള പ്രചാരണം ലോകമാകെ നടക്കുന്നുണ്ട്. എന്നു വെച്ച് ഇതൊക്കെ പണ്ടേ അറിയാവുന്ന ദൈവം തമ്പുരാന് കുറേകൂടി 'സൂക്ഷ്മത പാലിക്കാമായിരുന്നില്ലേ' എന്ന് ചിന്തിക്കുന്നതിലെ മഹാമൗഢ്യവും അവിവേകവും ഒന്നാലോചിച്ചു നോക്കൂ. നായ്ക്കൾ കുരക്കട്ടെ, സത്യത്തിന്റെ കാരവൻ മുന്നോട്ട്. ■